പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1724. 19/01/2021 -ൽ മറുപടിക്ക്

ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.വി.കെ.പ്രശാന്ത് | | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ)യും<br>(ബി)യും<br>(സി)യും | അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിന് നവീന ആശയങ്ങളും ദിശാബോധവും നൽകി ഈ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | |
| (സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാർ നടപ്പാക്കുന്ന തെറ്റായ നയങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കരിക്കുലം പരിഷ്കരണം.
2. ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനം (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA).
3. ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020):-
4. സാക്ക് (SAAC- State Assessment & Accreditation Centre).
5. ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC).
   2019-20 ൽ 1600 ഓളം അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ കൗൺസിൽ നൽകി കഴിഞ്ഞു.
6. പ്രബുദ്ധത:- ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണവും സാമൂഹ്യവൽക്കരണവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതി.
7. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണ രംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.
8. ചാൻസലേഴ്സ് അവാർഡ്:- സർവ്വകലാശാലകളുടെ പ്രവർത്തന മികവിനുള്ള അംഗീകാരം.
9. സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)
10. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework)-(KIRF)
11. എറുഡൈറ്റ് പദ്ധതി.
12. ക്ലസ്റ്റർ കോളേജ് പദ്ധതി.
13. കൗൺസിൽ ജേർണൽ :- ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ - ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചു വരുന്നു. രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scopus തുടങ്ങിയ പ്രമുഖ Data Base ൽ ഉൾപ്പെട്ടിട്ടുണ്ട്.
14. ആൾകേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ :- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരണശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിരിക്കുകയാണ്.
15. ബ്രെയിൻ ഗെയിൻ സമീപനം
16. ഓപ്പൺ സർവ്വകലാശാല
17. സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്കുള്ള നിയമന ചട്ട ഭേദഗതി
18. കാൾ നെറ്റ്:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET) രൂപീകരിച്ചു ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.
19. സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E Journal Consortium)
20. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം:- ലോക്ഡൗൺ കാലത്ത് ബിരുദ ബിരുദാനന്തര കോഴ്സുകളിലെ പാഠ്യഭാഗങ്ങൾ വെബ്സൈറ്റിൽ ഒരുക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച ഓൺലൈൻ പാഠ്യശേഖരം ഇതിനോടകം ഏകദേശം 2000 ത്തോളം പാഠ്യഭാഗ ഉള്ളടക്കങ്ങൾ വിദ്യാർത്ഥികൾക്ക് അനായാസം ലഭിക്കുന്ന രീതിയിൽ കൗൺസിൽ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ